# ഇടശ്ശേരിയുടെ സ്ത്രീപക്ഷ കവിതകൾ

കെ.എസ്. ജയശ്രീ

ജീവിതത്തിന്റെ സമസ്ത തലങ്ങളിലും വ്യാപകമായി സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന തത്വചിന്താപദ്ധതിയാണ് വനിതാവാദം. 1960-കളോടെ ഇത് ആഗോളാന്തരീക്ഷത്തിൽ ആത്മബോധത്തോടെ ഉദയം ചെയ്തു. പാശ്ചാത്യ സമൂഹം അടിസ്ഥാനപരമായി പിതൃരാധിപത്യപരമാണെന്നാണ് ഫെമിനിസ്റ്റുകളുടെ പ്രധാനാരോപണം. ക്രിസ്തീയതയാണല്ലോ നവീന പാശ്ചാത്യ സമൂഹനിർമിതിയെ സ്വാധീനിച്ച പ്രധാന മതം. സ്ത്രീകൾക്ക് സ്വത്തവകാശം കൊടുക്കാത്ത അത്തരം സമൂഹങ്ങളിൽ ഈ ആരോപണത്തിന് പ്രസക്തിയുമുണ്ട്. അരുന്ധതീറോയിയുടെ മാതാവ് മേരിറോയി കോടതി വഴി നേടിയെടുത്ത സ്വത്തവകാശം കേരളീയ ക്രിസ്തീയ സമുദായത്തിൽ വമ്പിച്ച സ്വാധീനമുണ്ടാക്കിയത് നാം കണ്ടു. സ്ത്രീകളനുഭവിക്കേണ്ടിവന്ന രണ്ടാംതരം പദവി പാശ്ചാത്യ സമൂഹത്തിൽ ശക്തമായിരുന്നു. പാശ്ചാത്യവൽക്കരണത്തിന്റെ ഭാഗമായിട്ടാണ് കേരളമുൾപ്പെടെയുള്ള ഭാരതീയ സമൂഹങ്ങളിൽ ഈ പ്രവണത ശക്തമാകുന്നത്. താരതമ്യേന നാം മാതൃദായക്രമമായിരുന്നുവല്ലോ പിന്തുടർന്നു പോന്നിരുന്നത്. ഇതാണ് സൈദ്ധാന്തിക സത്യമെങ്കിലും കാരണവരുടെ (പുരുഷൻ) അധികാരത്തിനു കീഴെ സ്ത്രീജീവിതം അത്ര സുഖകരമായിരുന്നുവെന്നു കരുതുക വയ്യ. എങ്കിലും പാശ്ചാത്യമായ പുരുഷാധിപത്യപര വീക്ഷണത്തിനെതിരെയുള്ള പ്രതിഷേധം അതേയളവിൽ നാം സ്വീകരിക്കേണ്ടതില്ല എന്നാണിതു വ്യക്തമാക്കുന്നത്.

വനിതാവാദത്തിന്റെ സാഹിതീയ പ്രത്യക്ഷങ്ങളിലൊന്നാണ് വനിതാരചന. പെണ്ണെഴുത്ത് എന്ന് മലയാള വിവർത്തനം ചെയ്യാവുന്ന ഈ സാഹിതീയ വിഭാഗത്തിന്റെ സ്വയം പര്യാപ്തതയിൽ സംശയിക്കുന്നവരുണ്ട്. ആപേക്ഷികമായ ഒരു സ്വയം പര്യാപ്തത ഇതിനുണ്ട്. മലയാളത്തിലും സമകാലത്ത് ശക്തമായി നിൽക്കുന്നൊരു പ്രവണതയാണിത്. സ്ത്രീകളുടെ അനുഭവങ്ങൾ സാഹിത്യത്തിൽ ശക്തമായി പ്രതിഫലിക്കപ്പെട്ടിട്ടില്ല. ആർത്തവം, ഗർഭധാരണം, പ്രസവം തുടങ്ങിയ സ്ത്രീ അനുഭവങ്ങൾ വേണ്ടവിധം സാഹിത്യത്തിൽ കടന്നുവന്നിട്ടില്ല. സ്ത്രീയെ രണ്ടാമതൊരു ലിംഗപദവിയിൽ മാത്രമാണ് വ്യവസ്ഥാപിത സമൂഹം പ്രതിഷ്ഠിക്കുന്നത്. ഇങ്ങനെയൊക്കെ വാദിച്ചുകൊണ്ട് സ്ത്രീ അവളുടെ അനുഭവങ്ങളെ തുറന്നെഴുതുന്നതാണ് പെണ്ണെഴുത്ത്. പുരുഷൻ അവന്റെ ആധിപത്യപരമായ മുൻവിധികളിൽ ഉറച്ചുനിന്നുകൊണ്ട് രണ്ടു രീതിയിൽ സ്ത്രീകളെ അവതരിപ്പിക്കുന്നു. തങ്ങളുടെ ഭോഗതാല്പര്യത്തെ തൃപ്തിപ്പെടുത്തുന്നവർ ദേവതമാരായും തങ്ങളെ ലൈംഗികതയിൽത്തന്നെ ഭീഷണിപ്പെടുത്തുന്നവർ യക്ഷികളായും മാറുന്ന ഇരട്ടവീക്ഷണമാണ് പുരുഷന്മാരെഴുതുന്ന സാഹിത്യത്തിലെ സ്ത്രീകളെ നിർണയിക്കുന്നത്.

കേരളീയാന്തരീക്ഷത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങളെ സഹഭാവത്തോടെ സമീപിക്കുന്ന എഴുത്തുകാരെ സ്ത്രീപക്ഷ രചയിതാക്കളായി കരുതാറുണ്ട്. സ്ത്രീകളെഴുതുന്ന സാഹിത്യത്തെ സ്ത്രീകൾ തന്നെ വിശകലനം ചെയ്യുന്ന ഗൈനോക്രിട്ടിസിസത്തിന്റെ മാതൃകകളും മലയാളത്തിൽ ലഭ്യമാണ്. സാറാജോസഫിന്റെ നോവലുകളെ ഗീത വിലയിരുത്തുമ്പോൾ അതാണ് സംഭവിക്കുന്നത്. സമകാലിക സ്ത്രീപക്ഷ രചയിതാക്കളായി സക്കറിയ, പി. സുരേന്ദ്രൻ, വി.എസ്. അനിൽകുമാർ എന്നിവരെ പരിഗണിച്ചു കണ്ടിട്ടുണ്ട്. മറുഭാഗത്ത് വി.കെ.എൻ., മുകുന്ദൻ, ഒ.വി. വിജയൻ എന്നിവരെയും നിർത്താറുണ്ട്. എന്നാൽ യാതൊരു വിചിന്തനവും ആവശ്യമില്ലാത്തവണ്ണം സ്ത്രീപക്ഷ രചയിതാവായിരുന്നു താൻ എന്ന് ഇടശ്ശേരിയുടെ കവിതകൾ സാക്ഷ്യപ്പെടുത്തുന്നു. മാതൃദായ ക്രമത്തിലുള്ള ഒരു തറവാട്ടിൽ ദാരിദ്ര്യത്തിൽ ജനിച്ചുവളർന്ന ഇടശ്ശേരി ഗോവിന്ദൻനായർ സ്ത്രീപക്ഷപാതത്തിലെത്തിയത് ഇന്നത്തെപ്പോലെ ബലാദാകൃഷ്ടമായല്ല. മറിച്ച് ആത്മചോദനകൊണ്ടു തന്നെയാണ് എന്ന് 'വിവാഹസമ്മാനം', 'പെങ്ങൾ', 'നെല്ലുകുത്തുകാരി പാറു' എന്നീ കവിതകളെ ആധാരമാക്കി സമർഥിക്കാൻ കഴിയും. ഈ മൂന്നു കവിതകളിലും പുരുഷ മേധാവിത്വത്തിന്റെ സഹനം ഏററുവാങ്ങുന്ന സ്ത്രീകഥാപാത്രങ്ങളുണ്ട്. വായനക്കാരനെ/ക്കാരിയെ അസ്വസ്ഥരാക്കുന്ന അടിമസ്വഭാവികളാണിവർ. എന്നാൽ, 'തത്ത്വശാസ്ത്രങ്ങളുറങ്ങുമ്പോൾ' എന്ന കവിതയിൽ ജീവിത യാഥാർഥ്യങ്ങളെ അംഗീകരിച്ചു വളരുന്ന ജൈവമാതൃകയായി സ്ത്രീത്വത്തെ ഇടശ്ശേരി സാക്ഷാൽക്കരിക്കുന്നു. ഈ ഫെമിനിസ്റ്റ് പിൻതുടരൽ കവിയിൽ വളരെ സ്വാഭാവികമാണെന്നു കാണാം.

'വിവാഹസമ്മാന'ത്തിൽ ഒരു പെൺകുട്ടി, കാമുകൻ അവളുടെ സഹോദരിയെ വേൾക്കുന്ന ദിവസം ഇളയസഹോദരനെ സാക്ഷിനിർത്തി ആത്മഹത്യ ചെയ്യുന്നതാണ് പ്രമേയം. പായൽ നിരന്നുമിരുൾ പരന്നും ദുഃഖസ്മൃതിയുടെ പൂപ്പൽ പിടിച്ച് ദുഷ്കാലം പെട്ടെടമെന്ന പോലെ കാണപ്പെടുന്ന പച്ചക്കുളത്തെ അവതരിപ്പിക്കുന്ന കാവ്യാരംഭത്തിൽത്തന്നെ ഇളംകുരുന്നിനെ ചേച്ചിയുടെ സ്നേഹവാത്സല്യങ്ങൾ പുതപ്പിക്കുന്നതായി കാണാം. അവളെ സംബന്ധിച്ചിടത്തോളം അവളുടെ യാത്ര വെളിച്ചത്തിലേക്കാണ്. ജീവിതം ജീവിക്കാൻ കൊള്ളാതാവുമ്പോൾ മരണം മധുരതരമാവുന്നു.

"കൂരിരുളോമനേ നീങ്ങി നീങ്ങി
നേരിയ വെട്ടം വരികയായി
ഞാനിക്കറുത്തൊരു നീറ്റിൽ മുങ്ങി
കാണാതെയാമ്പോൾ കരയുമോ നീ?"

ജീവിതനൈരാശ്യമാകുന്ന ഇരുട്ടിൽനിന്ന് മോചനമാകുന്ന വെളിച്ചത്തിലേക്ക് ആണ്ടു പോകുകയാണ്. നാടകീയ സ്വഗതാഖ്യാനത്തിന്റെ ഛായ ഇതിന്റെ രചനാസങ്കേതത്തിൽ കാണാം. എന്നാൽ, പൂർവപക്ഷങ്ങളെ അനുമാനിച്ചുകൊണ്ടുള്ള രചനാരീതിയിൽ ഒരു ബഹുസ്വരത ഇവിടെ കവി ഉറപ്പുവരുത്തുന്നു. ദമ്പതികൾക്ക് വിവാഹസമ്മാനമായി പൂവിറുക്കാൻ കുളത്തിലിറങ്ങിയതാണ് ചേച്ചി എന്നു പറയാൻ അനുജനെ ഏൽപ്പിക്കുന്നു. ഇന്നു മാത്രമാണ് നിലയറ്റിടത്തു സ്വയം ചെല്ലാൻ തനിക്കുറപ്പു വന്നതെന്നു പറയുന്ന അവൾ താനനുഭവിച്ച സ്ത്രൈണജീവിതം അനുജന് (ഭാവിയിലെ പുരുഷമേധാവിക്ക്) മനസ്സിലാക്കിക്കൊടുക്കുകയാണ്. സമ്മാനമായി പൂവിറുക്കാൻ കുളത്തിലിറങ്ങുന്നു എന്നു പറയുന്ന അവൾ ദമ്പതികൾക്ക് സമ്മാനമായി നൽകുന്നത് അവളുടെ ജീവിതമാണ്.

'പെങ്ങൾ' എന്ന കവിതയിലും അടിമ സ്വഭാവത്തോടു കൂടിയ സ്ത്രീകഥാപാത്രത്തെ കാണാം. ഇതിനാസ്പദമായ ഒരനുഭവത്തെക്കുറിച്ച് ഇടശ്ശേരി ഇങ്ങനെ പറയുന്നു: "എങ്ങനെയോ നശിച്ച ഒരു പാവപ്പെട്ട കുടുംബത്തിലെ അവശേഷിച്ച രണ്ടംഗങ്ങളായ ഒരു പെങ്ങളും കുഞ്ഞാങ്ങളയും കുറെദിവസം അലഞ്ഞുതിരിയുന്നതു കണ്ടു. അത്രയ്ക്കൊന്നും പ്രായമാകാത്ത ആ പെൺകുഞ്ഞിന് അനുജന്റെ നേർക്കുള്ള മാതൃഭാവം കണ്ട് പലപ്പോഴും ഞാൻ വികാരാധീനനായിട്ടുണ്ട്. അവരെ കാണാതായിട്ടും തെരുവിലെ ആ ചിത്രം ഉള്ളിൽ പതിഞ്ഞുകിടന്നു. ആ മൃദുല വസ്തു ലോകത്തിന്റെ പരുക്കൻ പുറന്തോട്ടിൽ ഉയരുമ്പോൾ ഉണ്ടാകുന്ന ക്രൂരപരിണാമം വരച്ചു കാണിക്കാൻ ക്രൂരമായൊരു കൗതുകം തോന്നി. അതാണിക്കവിത." വനിതാവാദികൾ അംഗീകരിച്ചാലുമില്ലെങ്കിലും ഈ കവിത പെങ്ങളുടെ വീക്ഷണകോണിൽ നിന്നെഴുതപ്പെട്ടതാണ്.

നാടകീയ രചനയുടെ മർമ്മമറിഞ്ഞ കവിയെ ഇവിടെ കാണുന്നു.

"ചേച്ചീ പോവുക നാമിവിടം വി-

ട്ടെന്നോമനയാമനുജൻ തേങ്ങി" എന്ന ആദ്യപാദത്തിനടുത്തായി വിന്യസിക്കപ്പെട്ടിരിക്കുന്നത് അതിന്റെ contrast ആയുള്ള വരികളാണ്.

"പിച്ചിച്ചീന്തിയ പോലെതോന്നി-
പെങ്ങൾക്കഞ്ചിത ജീവിതചിത്രം"

ലൂക്കാച്ചിന്റെ റിയലിസ നിർവചനത്തിനിണങ്ങും മട്ടിൽ വ്യക്തിമുദ്രയില്ലാത്തൊരു വർഗമാതൃകയാണിതിലെ കഥാപാത്രങ്ങൾ എന്നു കണ്ടെത്താം. ഊരും പേരുമില്ലാത്ത ഒരാങ്ങളയും പെങ്ങളുമാണ് കഥാപാത്രങ്ങൾ. വ്യക്തിത്വത്തിലേക്ക് വളരുന്നത് പുരുഷകഥാപാത്രം മാത്രമാണ്. അതിനായി ഹോമിക്കപ്പെടുന്നത് സഹോദരിയുടെ സ്ത്രീത്വമാണ്. വളർന്നപ്പോൾ അതു തന്നെ സഹോദരിയെ പുറത്താക്കാനുള്ള ആയുധമായി പുരുഷൻ കണ്ടു. അവന്റെ സിഗരറ്റിൻ മണിപേടകത്തെപ്പറ്റി

"ആരതു സമ്മാനിച്ചു തനിക്കെ-
ന്നുള്ളതുരയ്ക്കാപ്പരിശുദ്ധാത്മ
രഹസ്യം പോലെ കിടപ്പൂചാരെ."

അവന്റെ നാലുവയസ്സിൽ നട്ടപ്രാന്തോർത്ത് പുഞ്ചിരിക്കുന്ന അവളെ വിചാരണ ചെയ്യാൻ അവനെ പ്രേരിപ്പിക്കുന്നത് അപകർഷതയിഴുകിയ പാപചിന്തയാണ്.

"തമ്മെയ് വളരാൻ മാംസളമാവാൻ
തന്മിഴി വിടരാൻ, വിജ്ഞാനത്തിൻ
പൊന്മുടി ചൂടാ, നിറ്റിറ്റായി
ട്ടവളുടെ ജീവിതരക്തം വാർന്നൂ"

ഈ സത്യത്തിന്റെ ബോധമാണ് അവനെ മറുപുറം തേടാൻ നിർബന്ധിച്ചത്. വൈലോപ്പിള്ളിയുടെ 'കുടിയൊഴിക്കലിലെ' പ്രേമവഞ്ചകനായ നായകനെപ്പോലെ ഇവനും യുക്തികൾ നിരത്തുകയാണ്.

"മാതൃത്വത്തിൻ പ്രാണഞരമ്പുകൾ
തത്തീ തജ്ജരത്തിലൊരദ്ഭുത

ചലനമുണർത്തുകയായസ്വസ്ഥം" ഇവിടെ കവി സ്ത്രീ പക്ഷത്താകുന്നു. കവിതയെക്കുറിച്ചുള്ള കുറിപ്പിൽ മാതൃത്വത്തെ സൂചിപ്പിച്ച കവി ദുരന്തനായികയുടെ ഇറങ്ങിപ്പോക്കിന്റെ മുഹൂർത്തത്തിൽ പിറക്കാത്ത മകനായ സഹോദരനെക്കാണുന്നതും ഗർഭപാത്രത്തിന്റെ വേദനയറിയുന്നതും ചിത്രീകരിച്ചിരിക്കുന്നു. 'നോറ'യുടെ ഇറങ്ങിപ്പോക്ക് (Doll's House - Ibsen) പാശ്ചാത്യലോകത്തുണ്ടാക്കിയ നീണ്ടു നിന്ന മുഴക്കത്തിനേക്കാൾ തീവ്രത 'പെങ്ങളു'ടെ ഇറങ്ങിപ്പോക്കിനുണ്ട്. പണ്ട് തന്റെ കാമുകനെ സഹോദരനു വേണ്ടി ഉപേക്ഷിച്ച് "തന്റേതിന്നലെവരെയാസ്വർഗം" എന്നു കരുതിയ പെങ്ങൾ,

"തെരുവിൽക്കൂർത്ത ചരൽക്കല്ലുകളിൽ-
ജ്ജീവിതരക്തം പാറ്റിക്കൊണ്ടവൾ
കരുതിയിറങ്ങിയൊരിക്കൽകൂടി..."

തിരിഞ്ഞുനോക്കി ഇറങ്ങിപ്പോകുന്ന അവൾ സഹോദരനെ 'തന്റേതിന്നലെവരെയാ സ്വർഗം' എന്ന് തിരിച്ചറിയുന്നു.

'നെല്ലുകുത്തുകാരി പാറു'വിൽ ഈ സഹനം സ്വന്തം രക്തത്തെ തിരിച്ചറിയുന്നതിലേക്കെത്തുന്നു. കോവിലമ്മയുടെ മകനല്ല, ചോരച്ചൊറ്റക്കണ്ണനാണ് സുന്ദരൻ എന്ന് തിരിച്ചറിയുന്ന പാറു കാവ്യാന്ത്യത്തിൽ ഉണരുന്ന സ്ത്രീത്വത്തിന്റെ സൂചകമായി നിലകൊള്ളുന്നു. 'തത്വശാസ്ത്രങ്ങളുറങ്ങുമ്പോൾ' എന്ന കവിതയിൽ സ്ത്രീ മറ്റൊരു തലത്തിലേക്കുയരുന്നു. ഭക്തി എന്ന പ്രത്യയശാസ്ത്രത്തിന്റെ തടവുകാരനായ പിതാവിനെയും വിപ്ലവം എന്ന പ്രത്യയശാസ്ത്രത്തിന്റെ തടവുകാരനായ സഹോദരനെയും ഉറങ്ങാൻവിട്ട് അവൾ, തന്നെ ക്ഷണിക്കുന്ന ജീവിതത്തിലേക്ക് നടന്നുകയറുന്നു. ഇടശ്ശേരി എന്ന കവിയുടെ ശരിയായ ചേരിയിൽ അർഹമായ സ്ഥാനം പെണ്ണിനുണ്ട് എന്ന് വിളിച്ചറിയിക്കുന്നവയാണ് ഈ കവിതകൾ. വനിതാവാദത്തിന്റെ പ്രകടമായ മുദ്രാവാക്യസ്വഭാവമില്ലാതെ തന്നെ വനിതാവാദരചനയിൽ മുൻപന്തിയിൽ അവ നിൽക്കുന്നു.

ഗ്രന്ഥാലോകം - ജൂലായ് 2004